**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3913** **28-06-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അക്ഷയ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ അക്ഷയ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ; | (എ) | അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30/07/2021 ലെ സ.ഉ.(കൈ) നം.24/2021/വി.സ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചുകൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതാത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു / പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ സെൻട്രൽ പൊയിലൂർ, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ ജാതിക്കൂട്ടം, ഈസ്റ്റ് ചെണ്ടയാട്, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലെ പൂക്കോട് എന്നീ കേന്ദ്രങ്ങളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | അപേക്ഷകരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, ഫീൽഡ് വെരിഫിക്കേഷൻ എന്നിവ ജില്ലാ തലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ അടിയന്തരമായി നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കെൽട്രോണിന് നിർദ്ദേശ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകളിൽ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് അക്ഷയ സെന്ററുകൾ അനുവദിച്ച് പൊതുജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അപേക്ഷ ക്ഷണിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളിലേയ്ക്ക് പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ